ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി.) യുടെ നടപടി ഉത്തരവ്

ഹാജർ: നരേന്ദ്രനാഥ് വേലൂരി ഐ. എഫ്. എസ്

വിഷയം:- വനംവകുപ്പ്- ജീവനക്കാര്യം - ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പോലീസ് പരിശീലനം- ഒഴിവാക്കിയും ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. ഈ ഓഫീസിലെ 11/09/2026 ലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 25/09/2026 ലെ ഇതേ നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 26/09/2026 ലെ ഇതേ നമ്പർ ഉത്തരവ്.
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ –ന്റെ 28.09.2026 ലെ KFDDO/3043-DFOVZCHL/2024/E1 നമ്പർ കത്ത്.
5. ഡെപ്യൂട്ടി ഡയറക്ടർ, പറമ്പിക്കുളം – ന്റെ 28.09.2026 ലെ E – 100/2024 നമ്പർ കത്ത്.
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട് - ന്റെ **30.09.26** ലെ **KFDDO/11954/2025-DFOPKD/E1** നമ്പർ കത്ത്.
7. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മണ്ണാർക്കാട് - ന്റെ **30.09.26** ലെ **KFDDO/58802/2026-DFOMNRKD/E1** നമ്പർ കത്ത്.
8. ബിനീഷ് രാമൻ സമർപ്പിച്ച അപേക്ഷ.

ഉത്തരവ് നമ്പർ TRG 3- 19570/2026 തീയതി: 07-10-2026

വനം വകുപ്പിൽ നിയമനം ലഭിച്ചിട്ടുള്ള നിലവിൽ പോലീസ് പരിശീലനം ലഭിക്കാത്ത 151 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ 28.09.2026 തീയതിയിൽ കേരള പോലീസ് അക്കാദമി തൃശ്ശൂർ - ൽ ആരംഭിക്കുന്ന 3 മാസത്തെ പോലീസ് പരിശീലനത്തിലേക്ക് നിയോഗിച്ചുകൊണ്ട് സൂചന (1) (2) (3) എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ പോലീസ് ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതിനായി ലഭിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ അപേക്ഷകളുടേയും അനുബന്ധ

രേഖകളുടേയും അടിസ്ഥാനത്തിൽ വിവിധ ഡിവിഷനുകളിൽ നിന്നും ലഭിച്ച ശുപാർശ കത്ത് പ്രകാരം കേരള പോലീസ് അക്കാദമി തൃശ്ശൂർ - ൽ ആരംഭിക്കുന്ന 3 മാസത്തെ പോലീസ് പരിശീലനത്തിൽ ഉൾപ്പെടുത്തിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും താഴെ പറയുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ ഒഴിവാക്കിക്കൊണ്ട് മാനവശേഷി വികസന വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററായ ശ്രീ നരേന്ദ്രനാഥ് വേലൂരി ഐ. എഫ്. എസ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

ക്രമ നമ്പർ	പേര്	പെൻ നമ്പർ	ഡിവിഷൻ	റിമാർക്സ്
1.	ശ്രീപാർവതി എൻ എസ്	-	വാഴച്ചാൽ	മറ്റൊരു റാങ്ക് ലിസ്റ്റിൽ ഉണ്ട്
2.	ലിജിത എൻ	1016057	പറമ്പിക്കുളം	മറ്റൊരു ഡിപാർട്ട്മെന്റിൽ നിയമനം
3.	വിഷ്ണു ജി എസ്	1013311	മണ്ണാർക്കാട്	സർജറി
4.	ഹരിദാസൻ ഇ ആർ	735963	പാലക്കാട്	ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളതാണ്
5.	ബിനീഷ് രാമൻ	951433	കോഴിക്കോട്	അമ്മയുടെ ചികിൽസ

മേൽ പരിശീലനാർത്ഥികൾ ഒഴിവാക്കപ്പെടുന്നത് തങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണെന്നും തങ്ങൾക്കുണ്ടാകുന്ന സർവ്വീസ് ആനുകൂല്യങ്ങളുടെ നഷ്ടത്തിനുത്തരവാദി തങ്ങൾ മാത്രമാണെന്നും 200/-രൂപ സാക്ഷ്യപത്രത്തിൽ അപേക്ഷക/ അപേക്ഷകനിൽ നിന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എഴുതി വാങ്ങി ആയത് ഒഴിവാക്കൽ ഉത്തരവ് ലഭിക്കുന്ന ഉടൻതന്നെ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാകുന്നു. കൂടാതെ പരിശീലനത്തിൽ നിന്ന് ഒഴിവാക്കുന്നവരുടെ വിവരം കൺട്രോളിംഗ് ഓഫീസർമാർ ബന്ധപ്പെട്ട ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

നരേന്ദ്രനാഥ് വേലൂരിഐ. എഫ്. എസ്

ഫോറസ്റ്റ് കൺസർവേറ്റർ(എച്ച്. ആർ.ഡി)

പകർപ്പ്

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് അറിവിനായി സമർപ്പിക്കുന്നു.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) - ന് അറിവിനായി സമർപ്പിക്കുന്നു.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ /സെൻട്രൽ സർക്കിൾ / വൈൽഡ് ലൈഫ്, പാലക്കാട് എന്നിവർക്ക് അറിവിനും തുടർ നടപടികൾക്കുമായിനൽകുന്നു.
4. ഡയറക്ടർ,തൃശ്ശൂർ കേരള പോലീസ് അക്കാദമി - ക്ക് അറിവിനും തുടർ നടപടികൾക്കുമായിനൽകുന്നു.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) മേൽ ഉത്തരവ് ഡിപ്പാർട്ട്മെൻറ് സൈറ്റിലേയ്ക്ക് പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി സമർപ്പിക്കുന്നു.
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വാഴച്ചാൽ/ കോഴിക്കോട് / മണ്ണാർക്കാട് / പാലക്കാട് - ന് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു.
7. ഡെപ്യൂട്ടി ഡയറക്ടർ പറമ്പിക്കുളം - ന് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു.
8. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ,വാളയാറിന് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു.
9. വ്യക്തിക്ക് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ മുഖേന.
10. ഫയൽ/ സ്റ്റോക്ക് ഫയൽ